©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2023 ഒക്ടോബർ 06** 06th October 2023 **1199 കന്നി 19** 19th Kanni 1199 **1945 ആശ്വിനം 14** 14th Aswina 1945 | **നമ്പർ** No. | **3266** |

കേരള സർക്കാർ

**പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 22/2023/പൊ.ഭ.വ. *തിരുവനന്തപുരം, 2023 സെപ്റ്റംബർ 29.*

**എസ്. ആർ. ഒ. നമ്പർ 1071/2023**

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റിന്റെ (2019 ലെ 18) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2018 ഒക്ടോബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 10/2018/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 716/2018

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ആയി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ.അദീല അബ്ദുള്ള ഐ എ എസ്സ്, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീമതി. ഉമാദേവി.എൽ.ഡി. , ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.എസ്.സതീഷ് കുമാർ എന്നിവരെ നാമനിർദ്ദേശം ചെയ്തുകൊണ്ടും മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയ ശ്രീ. അൻസൽ പി യുടെ പേര് ഉൾപ്പെടുത്തിയും പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഇതിനാൽ വീണ്ടും ഭേദഗതി ചെയ്യുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,-

(i) 1-ാം കോളത്തിലെ 10,11,12 എന്നീ ക്രമനമ്പരുകൾക്കും അവയ്ക്കെതിരെ 2 ഉം 3 ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെ താഴെപറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

| | | |
|---|---|---|
| "10. | ഡോ.അദീല അബ്ദുള്ള ഐ.എ.എസ്.,<br>ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്. | സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗം |
| 11. | ശ്രീമതി.ഉമാദേവി എൽ.ഡി.,<br>ജോയിന്റ് സെക്രട്ടറി,<br>പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്. | സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗം |
| 12. | ശ്രീ.എസ്.സതീഷ് കുമാർ,<br>ജോയിന്റ് സെക്രട്ടറി,<br>ധനകാര്യ വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ് | സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗം." |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) 14-ാം ക്രമനമ്പരിൽ 2-ാം കോളത്തിൽ താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"ശ്രീ.അൻസൽ പി.,

സെക്ഷൻ ഓഫീസർ,

പൊതുഭരണ വകുപ്പ്,

ഗവൺമെന്റ് സെക്രട്ടേറിയറ്റ്."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനി ആന്റണി ഐ.എ.എസ്.**

*സെക്രട്ടറി*

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2018 ഒക്ടോബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 10/2018/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 716/2018 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം, കേരള സർക്കാർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. പ്രസ്തുത ബോർഡിലെ സർക്കാർ പ്രതിനിധികളായ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലെ ഡയറക്ടർ ശ്രീ.എ.എം.ജാഫർ പ്രസ്തുത തസ്തികയിൽ നിന്ന് വിടുതൽ ചെയ്തതിനാലും, പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിലെ പ്രതിനിധിയായ ശ്രീമതി.ജയശ്രീ എൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും, ശ്രീ എസ് സതീഷ് കുമാറിന്റെ പേര് ധനകാര്യ വകുപ്പ് പ്രസ്തുത വകുപ്പിന്റെ പ്രതിനിധിയായി ശിപാർശ ചെയ്തതിനാലും, ഡോ.അദീല അബ്ദുള്ള ഐ എ എസ്, ശ്രീമതി ഉമാദേവി.എൽ.ഡി, ശ്രീ എസ് സതീഷ് കുമാർ എന്നിവരെ പ്രസ്തുത ബോർഡിന്റെ സർക്കാരിന്റെ പ്രതിനിധികളായി ശ്രീ എ.എം.ജാഫർ., ശ്രീമതി ജയശ്രീ.എൽ, ശ്രീ.വൈ.അഹമ്മദ് കബീർ എന്നിവർക്ക് പകരം യഥാക്രമം നാമനിർദ്ദേശം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. സബോർഡിനേറ്റ് ലജിസ്ലേഷൻ സമിതിയുടെ (2021-23) ശിപാർശ പ്രകാരം ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യുവാനും സർക്കാർ തീരുമാനിച്ചു. അതിനാൽ, മേൽപ്പറഞ്ഞ വിജ്ഞാപനം ഉചിതമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## General Administration (Minority Welfare) Department

## NOTIFICATION

G.O.(P)No.22/2023/GAD *Dated, Thiruvananthapuram, 29th September, 2023*

**S. R. O. No. 1071/2023**

In exercise of the powers conferred under sub-section (3) of section 10 of the Kerala Madrasa Teachers' Welfare Fund Act, 2019 (18 of 2019) the Government of Kerala hereby nominate Dr. Adeela Abdulla IAS, Director, Minority Welfare Department, Smt.Umadevi L.D, Joint Secretary, General Administration (Minority Welfare) Department, Shri S.Satheesh Kumar, Joint Secretary, Finance Department, as the representatives of the State Government in the Kerala Madrasa Teachers' Welfare Fund Board and to include the name Sri. Ansal P as the Chief Executive Officer of the Kerala Madrasa Teachers' Welfare Fund Board consequently make the following further amendment to the notification, issued under G.O.(P)No. 10/2018/GAD. dated 16th October, 2018 and published as S.R.O.No.716/2018 in the Kerala Gazette Extraordinary No.2575 dated 16th October, 2018, namely:-

AMENDMENT

In the said notification, under the Schedule,-

(i) for the serial numbers 10,11 and 12 in column (1) and the entries against them in column (2) and (3), the following serial numbers and the entries shall respectively be substituted, namely:-

| | | |
|---|---|---|
| "10. | Dr Adeela Abdulla IAS,<br>Director,<br>Minority Welfare Department. | Representing the Government |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 11. | Smt.Umadevi L.D.,<br>Joint Secretary to Government,<br>General Administration(Minority Welfare)Department,<br>Government Secretariat | Representing the Government |
| 12. | Shri S.Satheesh Kumar,<br>Joint Secretary to Government,<br>Finance Department,<br>Government Secretariat | Representing the Government." |

(ii) in serial number 14, in column (2), the following entry shall be substituted, namely:-

"Shri Ansal P.,
Section Officer,
General Administration Department,
Government Secretariat."

By order of the Governor,
MINI ANTONY IAS
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per notification issued under G.O.(P)No.10/2018/GAD. dated, 16th October, 2018 and published as S.R.O.No.716/2018 in the Kerala Gazette Extraordinary No.2575 dated, 16th October 2018, Government of Kerala has constituted the Kerala Madrasa Teachers' Welfare Fund Board. As the Government representatives of the said Board, Sri.A.M.Jaffar, Director, Minority Welfare Directorate has relieved from the said post, Smt.Jayasree.L representative from the General Administration(Minority Welfare) Department has retired from service and the Finance Department has recommended the name of Sri.S.Satheesh Kumar as the representative of the said Department, the Government have decided to nominate Dr.Adeela Abdulla, Smt.Umadevi. L.D and Sri.S.Satheesh Kumar as the Government representatives of

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

the said Board in the place of Sri.A.M.Jaffar, Smt.Jayasre L and Sri.Y.Ahammed Kabhir respectively. Moreover, the Subordinate Legislation Committee in its report has recommended to publish the order of appointment of the Chief Executive Officer of the said Board in the Official Gazette. Hence, the Government have decided to amend the aforesaid notification suitably.

This notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.10.06 02:30:26 +05:30